പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6069 09.07.2013-ൽ മറുപടിക്ക്

## കസ്തൂർബാ മെഡിക്കൽ കോളേജിലെ അതിക്രമത്തിനിരയായ മലയാളി വിദ്യാർത്ഥിനിയ്ക്കുള്ള സഹായം

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ

(എ) മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിലെ മലയാളി എം.ബി.ബി.എസ് വിദ്യാർത്ഥിനിയ്ക്കു നേരെയുണ്ടായ അതിക്രമ കേസ്സിലെ പ്രതികളെ പിടികൂടാൻ കർണ്ണാടക സർക്കാരിനോട് കേരള സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പെൺകുട്ടിയ്ക്ക് വേണ്ടുന്ന വിദഗ്ദ ചികിത്സ ലഭ്യമാക്കാൻ കേരള സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) സംസ്ഥാന ആരോഗ്യ മന്ത്രി പെൺകുട്ടിയെ സന്ദർശിച്ച് വേണ്ടുന്ന ആധുനിക ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) പെൺകുട്ടിയ്ക്ക് വേണ്ടുന്ന ആധുനിക ചികിത്സയ്ക്കും മരുന്നിനും സഹായം നല്കുന്നതോടൊപ്പം മറ്റ് എന്തെല്ലാം സഹായം കൂടി സർക്കാർ ലഭ്യമാക്കും എന്നു വ്യക്തമാക്കുമോ;

(ഇ) പ്രതികളെ ഉടൻ പിടികൂടാൻ മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിയോട് നേരിൽകണ്ട് ആവശ്യമുന്നയിക്കാൻ തയ്യാറാകുമോ?

ഉത്തരം

ശ്രീ.ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

(എ), (ബി), (സി), (ഡി) & (ഇ) പ്രതികളെ കണ്ടെത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്നും വിദഗ്ദ ചികിത്സ ലഭ്യമാക്കണമെന്നും മുഖ്യമന്ത്രി, കർണ്ണാടക ആഭ്യന്തര മന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. പ്രതികളെ കർണ്ണാടക പോലീസ് ഇതിനകം പിടികൂടിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ